# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2652

19/03/2015-ൽ
മറുപടി

### കോർപ്പസ് ഫണ്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ) | | ശ്രീ. എ.പി. അനിൽകുമാർ<br>പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതി കോർപ്പസ് ഫണ്ട് വഴി കാസർഗോഡ് ജില്ലയിൽ എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങൽ നടത്തിയിട്ടുണ്ടെന്നും അവ ഏതൊക്കെ മണ്ഡലങ്ങളിലാണെന്നും വ്യക്തമാക്കാമോ ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി കോർപ്പസ് ഫണ്ട് വഴി കാസറർഗോഡ് ജില്ലയ്ക്ക് വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. വികസന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം
## സ്വയം പര്യാപ്ത ഗ്രാമം പദ്ധതി - 2012-13

| ക്ര. നം. | സ്വയംപര്യാപ്ത ഗ്രാമത്തിന്റെ പേര് | നിർദ്ദേശിച്ച MLA/MP യുടെ പേര് | നിർവ്വഹണ ഏജൻസി | തുക |
|---|---|---|---|---|
| 1 | അമെയ് കോളനി | എൻ.എ. നെല്ലിക്കുന്ന് എം.എൽ.എ (കാസർഗോഡ് നിയോജക മണ്ഡലം) | FIT ആലുവ | 1,00,00,000/- |
| 2 | കിദൂർ കുണ്ടാരടുക്ക കോളനി | പി.ബി.അബ്ദുൾ റസാഖ് എം.എൽ.എ (മഞ്ചേശ്വരം നിയോജക മണ്ഡലം) | FIT ആലുവ | 1,00,00,000/- |
| 3 | നടക്കാവ് കോളനി | കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ നിയോജക മണ്ഡലം) | FIT ആലുവ | 1,00,00,000/- |
| 4 | മൂലക്കം കോളനി | ഇ.ചന്ദ്രശേഖരൻ എം.എൽ.എ (കാഞ്ഞങ്ങാട് നിയോജക മണ്ഡലം) | ജില്ലാ നിർമ്മിതി കേന്ദ്രം കാസർഗോഡ് | 1,00,00,000/- |
| 5 | നാലാംവാതുക്കൽ കോളനി | കെ. കുഞ്ഞിരാമൻ (ഉദുമ നിയോജക മണ്ഡലം) | ജില്ലാ നിർമ്മിതി കേന്ദ്രം കാസർഗോഡ് | 1,00,00,000/- |
| 6 | ഒരിയര | പി.കരുണാകരൻ (കാസർഗോഡ് പാർലമെന്റ് മണ്ഡലം) | ജില്ലാ നിർമ്മിതി കേന്ദ്രം കാസർഗോഡ് | 1,00,00,000/- |

**2014-15 കോർപ്പസ് ഫണ്ട് പ്രകാരം ഭരണാനുമതി നൽകിയ പദ്ധതികളുടെ വിവരം**
**കാസർഗോഡ് മണ്ഡലം**

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അടങ്കൽ തുക |
|---|---|---|
| 1 | കെ.കെ.പുറംകുന്നിൽ ഫുട്ട്പാത്ത് & ഡ്രൈനേജ് (ചെങ്കള ഗ്രാമ പഞ്ചായത്ത്) | 24,12,000 |
| 2 | ഉളിയത്തടുക്ക-പുളിക്കൂർ റോഡ് ടാറിംഗ്- മധൂർ ഗ്രാമപഞ്ചായത്ത് | 1500000 |
| 3 | ചെങ്കള ഗ്രാമപഞ്ചായത്ത് അജക്കോട് പട്ടികജാതി കോളനി കുടിവെള്ള പദ്ധതി | 2,95,000 |
| 4 | പച്ചക്കാട് എസ്.സി കോളനി റോഡ് ഇംപ്രൂവ്മെന്റ്- മധൂർ ഗ്രാമപഞ്ചായത്ത് | 2,57,700 |
| 5 | കെ.കെ.പുറം പടിഞ്ഞാർ പട്ടികജാതി കോളനി ഫുട്പാത്ത് & ഡ്രൈനേജ് (ചെങ്കളഗ്രാമപഞ്ചായത്ത്) | 14,85,000 |
| 6 | കെ.കെ.പുറം കുന്നിൽ-കുളം റിപ്പയർ (ചെങ്കള ഗ്രാമപഞ്ചായത്ത്) | 4,50,300 |
| 7 | കല്ലുകൂട്ടം എസ്.സി.കോളനി കുടിവെള്ള പദ്ധതി-ചെങ്കള | 600000 |
| | ആകെ | 70,00,000 |

## സ്വയംപര്യാപ്ത ഗ്രാമങ്ങൾ പദ്ധതിയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ

**I** നടക്കാവ് ഗ്രാമം- തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്ത്

**(ഏജൻസി-ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവങ്കൂർ ലിമിറ്റഡ്- ആലുവ)**

1) റോഡ് കോൺക്രീറ്റ് പദ്ധതി പൂർത്തീകരിച്ചു (700 മീറ്റർ)
2) കമ്മ്യൂണിറ്റി ഹാൾ, ടോയ്‌ലറ്റ്, കുടിവെള്ള പദ്ധതി പൂർത്തീകരിച്ചു.
3) ശ്മശാനത്തിന്റെ മേൽകൂര, ഷെഡ്ഡ് എന്നിവയുടെ പണി പൂർത്തീകരിച്ചു.
4) ഭജനമഠത്തിന്റെ മെയിന്റനൻസ് വർക്ക് പൂർത്തീകരിച്ചു (ചുറ്റുമതിൽ, തേപ്പ്, ടൈൽസ്, പെയിന്റിംഗ്, ഗ്രിൽസ്, മേൽകൂര)
5) 14 പേരുടെ വീട് പ്ലാസ്റ്ററിംഗ് പണി പൂർത്തീകരിച്ചു.

<u>ഇനിയും പൂർത്തീകരിക്കുവാനുള്ളത്.</u>

റോഡ് ടാറിംഗ്( നിലവിലുള്ള കമ്മ്യൂണിറ്റി ഹാളിന്റെ മുന്നിലൂടെ പോകുന്നത്.
ടൈലറിംഗ് ട്രെയിനിംഗും, മെഷീൻ വിതരണവും
കമ്മ്യൂണിറ്റി ഹാളിനനുവദിച്ച സൗ ണ്ട് ബോക്സ്, ടേബിൾ
വീടുകൾക്ക് വിതരണം ചെയ്യേണ്ട വാട്ടർ ടാങ്ക്.
ക്ലബ്ബിന് വിതരണം ചെയ്യേണ്ട സ്പോർട്സ് ഐറ്റംസ്.
നേഴ്സറിക്ക് വിതരണം ചെയ്യേണ്ട ടോയ്സ് ഐറ്റംസ്,
8, 9, 10 ക്ലാസ് വിദ്യാർത്ഥികൾക്കുള്ള സൈക്കിൾ
ടൂ വീലൻ, ഫോർ വീലർ പരിശീലനം
വായനശാല, ഓഡിറ്റോറിയം ബിൽഡിംഗ് പണി.

ഏജൻസി ഹാജരാക്കിയ ബിൽ ശരിയല്ലാത്തതിനാൽ രണ്ട് പ്രാവശ്യം ആയത് തിരിച്ചയച്ചുവെങ്കിലും മറുപടി ലഭ്യമായിട്ടില്ല. ആയതിനാൽ രണ്ടാംഗഡു തുക അനുവദിക്കുന്നതിന് ശുപാർശ ചെയ്തിട്ടില്ല.

**II <u>അമെയ് കോളനി കാസർഗോഡ് മുനിസിപ്പാലിറ്റി</u>**

**(ഏജൻസി-ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവങ്കൂർ ലിമിറ്റഡ്- ആലുവ)**

50 മീറ്റർ റോഡ് കോൺക്രീറ്റ് ചെയ്തു., ബാക്കി 50 മീറ്റർ ചെയ്യാനുണ്ട്. കിണർ പുനരുദ്ധാരണം ചെയ്തു. അംഗൻവാടി റിപ്പയറിംഗ് പണി പകുതിവരെയായി. അമ്പലത്തിന്റെ അടുക്കള പണി തുടങ്ങി ഭൂരിഭാഗവും ബാക്കിയുണ്ട്. 50 ഓളം വീടുകൾ പ്ലാസ്റ്ററിംഗ് ചെയ്തു. ബാക്കി 15 വീടുകൾ ബാക്കിയുണ്ട്. ഓവുചാൽ 50 മീറ്ററോളം പൂർത്തീകരിച്ചു, 50 മീറ്ററിലധികം ബാക്കിയുണ്ട്. ക്ലബ്ബിനും കമ്മ്യൂണിറ്റി ഹാളിനും വിതരണം ചെയ്യുവാനുള്ള സാധന സാമഗ്രികൾ വിതരണം ചെയ്തിട്ടില്ല. കൂടാതെ 8, 9 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വിതരണം ചെയ്യേണ്ട സൈക്കിൾ വിതരണം ചെയ്തിട്ടില്ല. ടൈലറിംഗ് മെഷീൻ വിതരണവും നടന്നിട്ടില്ല.

**III <u>കിദൂർ-കുഞ്ഞാരടുക്ക -കുമ്പള</u>**

**(ഏജൻസി-ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ്- ആലുവ)**

കമ്മ്യൂണിറ്റി ഹാൾ മെയിൻസ്ലാബ് പൂർത്തിയായി, എന്നാൽ ഫിനിഷിംഗ് വർക്ക് പൂർണ്ണമായും ബാക്കിയുണ്ട്. കോളനികളിലുള്ള 50 വീടുകൾ പ്ലാസ്റ്റിംഗ് ചെയ്തു, എങ്കിലും ഇനിയും ചെയ്യുവാൻ ബാക്കിയുണ്ട്. 6 കിണറുകളുടെ പണി പൂർത്തീകരിച്ചു. 130 ഓളം വരുന്ന ഓവുചാലുകളുടെ പണി പൂർത്തീകരിക്കുവാൻ ഇനിയും ബാക്കിയുണ്ട്. 300 മീറ്റർ റോഡ് ടാറിംഗ് പൂർത്തിയായിരുന്നുവെങ്കിലും ഇനിയും പൂർത്തീക്കരിക്കുവാനുണ്ട്. ബസ് സ്റ്റോപ്പ് ബിൽഡിംഗിന്റെ ചുമർ പണി പൂർത്തീകരിച്ചു. ക്ലബ് കെട്ടിടത്തിന്റെ പ്ലാസ്റ്ററിംഗ് പണി പൂർത്തിയായി. കിണറിന്റെയും ചുറ്റുമതിലിന്റെയും പണി പൂർത്തിയായി. 20 വീടുകളുടെ വൈറ്റ്വാഷ് പണി പൂർത്തിയായി.

ഇനിയും പൂർത്തീകരിക്കുവാനുള്ളത്

ശ്മശാനം: ഷെഡ്ഡ്, ഗേറ്റ്, കുടിവെള്ള വിതരണം
വീടുകളിലേക്കുള്ള കുടിവെള്ള വിതരണം
വ്യക്തിഗത ആനുകൂല്യങ്ങൾ
8, 9 ക്ലാസുകളിലേക്കുള്ള സൈക്കിൾ വിതരണം
ഡ്രൈവിംഗ് , ടൈലറിംഗ് പരിശീലനം
സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്
ബേക്കറി പരിശീലനം
സ്ട്രീറ്റ് ലൈറ്റ്
വൈറ്റ് വാഷ് - 35 വീടുകൾക്ക്
കിണർ പുനരുദ്ധാരണം - 2 എണ്ണം
കമ്മ്യൂണിറ്റി ഹാൾ കോൺക്രീറ്റിംഗ്
ബസ് സ്റ്റോപ്പിന്റെ മെയിൻ സ്ലാബും അനുബന്ധ പണിയും
വീട് തേപ്പ് - 5 എണ്ണം

**IV നാലാം വാതുക്കൽ- ഉദുമ ഗ്രാമപഞ്ചായത്ത്**

**(നിർമിതി കേന്ദ്ര കാസർകോട്)**

1) 41 പേരുടെ വീട് റിപ്പയറിംഗ് പൂർത്തീകരിച്ചു. 3 നടപ്പാലം പൂർത്തീകരിച്ചു. ശ്മശാനം. ചുറ്റുമതിൽ പൂർത്തീകരിച്ചു., 8 വീടുകൾ വയറിംഗ് ചെയ്തു. 4 കിണറുകൾ പൂർത്തീകരിച്ചു. 19 വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകി 63 പേർക്ക് ചൂടാറാപ്പെട്ടി നൽകി.

2) Borewell repair & Water supply
3) New borewell, over head water tank & Water supply arrangements
4) Electrification work – 4 houses
5) Computer Centre building
6) Compound wall and gate for temple
7) Open well repair, Parapet work etc (Public)
8) Plastering & Painting temple compound wall
9) Training Centre
10) Open well Parapet
11) Roofing with Trafford sheet temple

} Completed

അവസാനമായി ഉൾപ്പെടുത്തിയ റോഡിന്റെ പ്രൊപ്പോസൽ അഡ്മിസ്ട്രേറ്റീവ് സാങ്ഷനുവേി കൊടുത്തിട്ടു്. ടൈലറിംഗ് മെഷീൻ വിതരണം ബാക്കിയുണ്ട്.

**V** മൂലക്കം-അജാനൂർ ഗ്രാമപഞ്ചായത്ത്

(നിർമിതി കേന്ദ്ര കാസർകോട്)

വീട് റിപ്പയർ 54 എണ്ണം തീർന്നു, ഒരു കോമ്പൗണ്ട് വാൾ പണി പൂർത്തീകരിച്ചു. കിണർ റിപ്പയർ 5 എണ്ണം പൂർത്തീകരിച്ചു. ഭവന നിർമ്മാണ 2 എണ്ണം പൂർത്തിയായി. കമ്പ്യൂട്ടർ റിപ്പയർ 2 എണ്ണം പൂർത്തീകരിച്ചു. കമ്പ്യൂട്ടർ സെന്റർ നിർമ്മാണം പൂർത്തിയായി, ഇലക്ട്രിക് കണക്ഷൻ ലഭിച്ചു. 2 കുഴൽകിണറും വാട്ടർ ടാങ്ക് പണിയും പൂർത്തീകരിച്ചു. ഹനുമാൻ ക്ഷേത്രത്തിന്റെ ചുറ്റുമതിൽ 2 ഭാഗം പൂർത്തീകരിച്ചു. വെങ്കിട്ടരമണ ക്ഷേത്രത്തിന്റെ റൂഫിംഗ് വർക്ക് പൂർത്തീകരിച്ചു. വ്യക്തിഗത പരിപാടികളുടെ ടെറുകൾ അംഗീകരിച്ചു. സൈക്കിൾ-20 അമ്പലത്തിന്റെ ചുറ്റുമതിൽ പണി ബാക്കിയുണ്ട്.

**VI** ഒരിയര-വലിയപറമ്പ് ഗ്രാമപഞ്ചായത്ത്

(നിർമിതി കേന്ദ്ര കാസർകോട്)

കോമ്പൗണ്ട് വാൾ ഒരെണ്ണം പൂർത്തീകരിച്ചു. 11 വീടുകളുടെ റിപ്പയർ പൂർത്തീകരിച്ചു. 35 വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കി. വ്യക്തിഗത സ്കീമുകളായ ബ്യൂട്ടിഷ്യൻ കോഴ്സ്, സോളാർ പാനൽ, ബയോഗ്യാസ്, തുടങ്ങിയവയുടെ നടപടികൾ ആരംഭിച്ചു. അംബേദ്കർ വാദ്യകലാ സംഘത്തിന് സംഗീതോപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഓഡിറ്റോറിയത്തിന്റെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

<u>ഇനിയും ചെയ്യാൻ ബാക്കിയുള്ളത്.</u>

വീട് തേപ്പ് - 12 എണ്ണം
കമ്മ്യൂണിറ്റി ഹാളിന്റെ ടോയ്‌ലറ്റ്
ഭജന മന്ദിരത്തിന്റെ പെയിന്റിംഗ്
ടൈലറിംഗ് മെഷീൻ വിതരണം -23 എണ്ണം
ബയോഗ്യാസ് പ്ലാന്റ് -9 എണ്ണം
വീട് ടോയ്‌ലറ്റ് -1
വീട് റിപ്പയർ -1
കല്ല്യാണ മണ്ഡപത്തിന്റെ പ്രാരംഭ വർക്ക് മാത്രമേ നടന്നിട്ടുള്ളൂ.

(ഒപ്പ്)

ചീഫ് പ്ലാനിംഗ് ഓഫീസർ

Babu. K.J
സെക്ഷൻ ഓഫീസർ